കിഴക്കേ വാരണാട്ട്
മുടിയേറ്റ് കലാസംഘം
KIZHAKKE VARANATTU
MUDIYETTU KALA SANGHAM

KIZHAKKE VARANATTU MUDIYATTUKALA SANGHAM R.276
KORATTY SOUTH

No.R-276/09
Koratty South
Pin-680308
Ph: 0480 2735231
9495883739

Date.............................

കിഴക്കേ വാരണാട്ട് മുടിയേറ്റ് കലാസംഘത്തിന്റെ 30-06-2014 മുതൽ 30-06-2015
വരെയുള്ള ഒരു വർഷത്തെ
പ്രവർത്തന റിപ്പോർട്ട്

28-06-2015 ൽ കൂടിയ വാർഷിക പൊതുയോഗത്തിൽ നിലവിലുള്ള ഭരണസമിതി തന്നെ അടുത്ത ഒരു വർഷത്തേക്കു കൂടി തുടർന്ന് പ്രവർത്തിക്കുന്നതിനു ഐകകണ്ഠ്യേന തീരുമാനമെടുത്തു.

30-06-2014 മുതൽ 30-06-2015 വരെയുള്ള കാലയളവിൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ മുടിയേറ്റ് അവതരണത്തിന് ക്ഷേത്രങ്ങളും, മറ്റ് വേദികളും തയ്യാറായി. കഴിഞ്ഞ വർഷത്തേക്കാൾ ആറു ക്ഷേത്രങ്ങളിൽ മുടിയേറ്റ് വേദികൾ കൂടുതൽ ലഭിച്ചു. കൂടാതെ യുനെസ്കോയുടെ നിർദേശപ്രകാരം കേന്ദ്ര സംഗീത അക്കാദമിയുടെ സഹായ സഹകരണത്തോടെ "പുറപ്പാട്" എന്ന പ്രോജക്ടിൽ കൂടി തിരുവനന്തപുരം യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം നിറമംഗല എൻ.എസ്.എസ്. വനിത കോളേജ്, ഇരിങ്ങാലക്കുട തരണനല്ലൂർ നമ്പൂതിരിസ് കോളേജ്, അഷ്ടമിച്ചിറ ഗാന്ധി സ്മാരക ഹൈസ്ക്കൂൾ, തൃശ്ശൂർ വിവേകോദയം ഹയർ സെക്കന്ററി സ്ക്കൂൾ, തൃശ്ശൂർ ബ്രഹ്മസ്വം മഠം, തുടങ്ങിയ വേദികളിലും വിദ്യാലയങ്ങളിലും മുടിയേറ്റ്, കളമെഴുത്ത് പാട്ട്, ചമയ പ്രദർശനം തുടങ്ങിയ അവതരണങ്ങളിലൂടെ ഈ പരമ്പരാഗതവും പൈതൃകവുമായ അനുഷ്ഠാന കലയെ വിദ്യാർത്ഥികളിലേക്കും അദ്ധ്യാപകരിലേക്കും രക്ഷാകർത്താക്കളിലേക്കും കലാസാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്നവരിലേക്കും ചിട്ടയോടെയും അനുഷ്ഠാനത്തോടെയും പകർന്നു കൊടുക്കുവാൻ ഈ കലാസംഘത്തിന് സാധിച്ചു. കൂടാതെ യുനെസ്കോയുടെയും കേന്ദ്ര സംഗീത നാടക അക്കാദമിയുടെയും സഹകരണത്തോടെ പുറപ്പാട് എന്ന വിദ്യാഭ്യാസ വിനിമയപരിപാടിയുടെ ഭാഗമായി **മുടിയേറ്റ് ആചാരവും, അനുഷ്ഠാനവും** എന്ന ഒരു ഗ്രന്ഥം രചിച്ച് പ്രസിദ്ധപ്പെടുത്തുവാനും കലാസംഘത്തിനു കഴിഞ്ഞു. ഈ ഉദ്യമത്തിൽക്കൂടി മുടിയേറ്റ്, കളമെഴുത്ത് പാട്ട് എന്നി അനുഷ്ഠാന ക്ഷേത്ര കലകളുടെ വിശദീകരണം രേഖാമൂലം ജനങ്ങളിലേക്കെത്തിക്കുവാൻ ഈ കലാസംഘത്തിനു ഭാഗ്യമുണ്ടായി. കൂടാതെ കലാസംഘത്തിന്റെ വിശദമായ ഒരു വൈബ്സൈറ്റ് തുടങ്ങി. കൂടാതെ ഈ വർഷം 2014 നവംബർ മൂന്നാം തിയതി കളരി അങ്കണത്തിൽ ഒരു ഏകദിന സെമിനാറും, പുസ്തക പ്രകാശനവും ഈ കളരിയിൽ പഠിച്ച അഞ്ചു പഠിതാക്കളുടെ ചെമ്പടമേളം അരങ്ങേറ്റം എന്നിവയും നടത്തുവാൻ ഈ മുടിയേറ്റ് കലാസംഘത്തിന് സാധിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ അത്ഭുതപൂർവ്വമായ വളർച്ചയാണ് ഈ വർഷത്തിൽ സംഘത്തിനുണ്ടായിട്ടുള്ളത്. ആയതിനാൽ കഴിഞ്ഞ വർഷത്തിനേക്കാൾ വരുമാനവും ചിലവും ഈ വർഷം സംഘത്തിന് കൂടുതൽ ഉണ്ടായി. അധിക ചിലവുകൾ വന്നതിനാൽ ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ നീക്കിയിരിപ്പ് സംഖ്യ കുറവാണ്

കിഴക്കേ വാരണാട്ട്
മുടിയേറ്റ് കലാസംഘം
KIZHAKKE VARANATTU
MUDIYETTU KALA SANGHAM

No.R-276/09
Koratty South
Pin-680308
Ph: 0480 2735231
9495883739

KIZHAKKE VARANATTU MUDIYATTUKALA SANGHAM R.276 KORATTY SOUTH

Date.............................

എങ്കിലും സ്റ്റോക്കിരിക്കുന്ന മുടിയേറ്റു പുസ്തകങ്ങളുടെ വിൽപ്പനയിലൂടെ ഈ കുറവ് പരിഹരിക്കാവുന്നതേയുള്ളു. ഒരു ലക്ഷത്തിൽപരം രൂപയുടെ പുസ്തകങ്ങൾ ഇനിയും സ്റ്റോക്കുണ്ട്. ഈ വർഷം 30-06-2014 മുതൽ 30-06-2015 വരെയുള്ളെ കാലയളവിൽ 30-06-2014 ൽ നീക്കിയിപ്പ് സംഖ്യ 81424 രൂപായും, ക്ഷേത്ര മുടിയേറ്റിന് 778800 രൂപായും ഡൽഹി മുടിയേറ്റിന് 88000 രൂപായും മുടിയേറ്റ് പുസ്തകം വിറ്റു വരവ് 79400 രൂപായും, സ്റ്റോക്കുള്ള ബുക്കിന് 100400 രൂപായും വരിസംഖ്യ ഇനത്തിൽ 2400 രൂപായും, കനറാബാങ്കിൽ കൊരട്ടി ശാഖയിൽ നിക്ഷേപം 5202 രൂപായും, കൊരട്ടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപം 187 രൂപായും കൂടി ആകെ 1135813 രൂപ വരുമാനമുണ്ടായി. അതിൽ ക്ഷേത്ര മുടിയേറ്റിന് 758970 രൂപായും ഡൽഹി മുടിയേറ്റിന് 86000 രൂപായും, സെമിനാർ പുസ്തക പ്രകാശനം ഇവക്ക് 131573 രൂപായും, വെബ്സൈറ്റിന് 13120 രൂപായും സ്വദാഹരണം, കളമെഴുത്ത് , ചമയപ്രദർശനം ഇവക്ക് 112002 രൂപായും പുസ്തകം പാരിതോഷികായി കൊടുത്തതിന് 20200 രൂപായും കളരി ചെലവ് 7732 രൂപായും ബാങ്കിൽ അടവ് 827 രൂപായും കൂടി ആകെ 1130424 രൂപ ചെലവായി. ബാക്കി ഈ വർഷം 5389 രൂപ നീക്കിയിരിപ്പുണ്ട്

03-04-2014 ൽ ഇന്ത്യാമഹാരാജ്യത്തിന്റെ തലസ്ഥാനമായ ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംഗീത നാടക അക്കാദമി ഒരുക്കിയ വേദിയിൽ കളമെഴുത്തും പാട്ടും, മുടിയേറ്റും നടത്തി വിജയിക്കുവാൻ സാധിച്ചത് ഈ കലാസംഘത്തിന്റെ വലിയ നേട്ടമാണ്. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹായത്തോടെ അവിടെ ഈ അനുഷ്ഠാന കല അവതരിപ്പിക്കുവാൻ ക്ഷണിച്ചതിനും വേദി ഒരുക്കി തന്നതിനും കിഴക്കേ വാരണാട്ട് മുടിയേറ്റു കലാസംഘത്തിന്റെ അക്കാദമിയോടുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

PRESIDENT
Kizhakke Varanattu
Mudiyattukala Sangham R 276

SECRETARY
Kizhakke Varanattu
Mudiyattukala Sangham R.276

TREASURER
Kizhakke Varanattu
Mudiyattukala Sangham R.